സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് . ഗാല . മസ്കറ്റ് .

മസ്കറ്റിൽ ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക വിശുദ്ധ ദൈവ മാതാവിന്റെ നാമത്തിൽ സ്വന്തമായി പണി കഴിപ്പിച്ച പുതിയ ദേവാലയ സമർപ്പണ കൂദാശ ഡിസംബർ 7 വെള്ളി , 8 ശനി, ദിവസങ്ങളിൽ നടക്കും .

ഒമാനിൽ ആദ്യമായി വിശുദ്ധ ദൈവ മാതാവിന്റെ നാമത്തിൽ പണി കഴിപ്പിച്ച ആരാധനാലയത്തിന്റെ സമർപ്പണ കൂദാശ കർമ്മം കിഴക്കിന്റെ ഒക്കെയും കാതോലിക്കയും, മാർത്തോമാ സ്ലീഹയുടെ സിംഹാസനത്തിൽ വാണരുളുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ പരമാധ്യക്ഷനും , മലങ്കര മെത്രാപോലീത്തയും ആയ പരി; മോറാൻ മോർ ബസ്സേലിയോസ് മാർത്തോമ പൌലോസ് ദ്വിതീയൻ കാതോലിക്ക ബാവ നിർവഹിക്കുന്നു . ഇടവക മെത്രാപോലീത്ത അഹമദാബാദ് ഭദ്രാസനാധിപൻ ഡോ ഗീവർഗീസ് മാർ യൂലിയോസ് , മുംബെ ഭദ്രാസനാധിപൻ ഗീവർഗീസ് മാര് കൂറിലോസ് മെത്രാപോലിത്ത , നിരണം ഭദ്രാസനാധിപൻ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപോലിത്തയും , മറ്റ് അനേകം പട്ടക്കാരും സഹ കാർമ്മികത്വം വഹിക്കും .

ദേവാലയ കൂദാശയുടെ ആദ്യ ഘട്ടം വെള്ളിയാഴ്ച വൈകിട്ട് സന്ധ്യാ നമസ്കാരതോടുകൂടി നടക്കും . ശനിയാഴ്ച രാവിലെ പ്രഭാത നമസ്കാരതോടുകൂടി രണ്ടാം ഘട്ട ശുശ്രൂഷകൾ . തുടർന്ന്

പരി; കാതോലിക്കാ ബാവയുടെ മുഖ്യ കാർമ്മികത്വത്തിലും, മെത്രാപോലിത്തമാരുടെ സഹകരണത്തിലും വി; മൂന്നിന്മേൽ കുർബാന നടക്കും .

വി; കുർബാനാനന്തരം പരി; കാതോലിക്കാ ബാവ പൊതു സമ്മേളനം . ഒമാനിലെ ഇന്ത്യൻ സ്ഥാനപതി , ഒമാൻ മന്ത്രാലയ പ്രതിനിധികൾ , മെത്രാപോലിത്തമാർ മറ്റു വിശിഷ്ട വ്യക്തികൾ എന്നിവർ മുഖ്യ അതിഥി കളായിരിക്കും .

ദേവാലയ കൂദാശ കർമ്മങ്ങളിലും , വി; മൂന്നിന്മേൽ കുർബാന യിലും , പൊതുസമ്മേളനത്തിലും പങ്കെടുക്കുന്നതിനു എല്ലാ സഭാ സ്നേഹികളെയും ,വിശ്വാസികളായവരേയും ഇടവക കർതൃനാമത്തില് സാദരം സ്വാഗതം ചെയ്യുന്നു .

2014 ഏപ്രിൽ ഒന്നിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഹമദാബാദ് ഭദ്രാസനത്തിനു കിഴിൽ ഒമാനിലെ നാലാമത്തെ സ്വതന്ത്ര ഇടവകയായി ഗാല സെന്റ് മേരീസ് രൂപം കൊണ്ടു . ഗാലാ ചർച്ച് കോംപ്ലെക്സിൽ ഓർത്തഡോക്സ് വിഭാഗങ്ങൾക്ക് മാത്രമായി ഒമാൻ മത മന്ത്രാലയ കാര്യാലയം അനുവദിച്ച പ്രത്യേക സ്ഥലത്താണ് പുതിയ ദേവാലയം നിർമ്മിച്ചിരിക്കുന്നത് . എല്ലാ ശനിയാഴ്ചകളിൽ രാവിലെയും ബുധനാഴ്ചകളിൽ വൈകിട്ടും ഇടവകയിൽ വി;കുർബാന നടന്നു വരുന്നു. പുതിയ ദേവാലയ നിർമ്മാണത്തോടു കൂടി വെള്ളിയാഴ്ച കളിലും വി; കുർബാന ആരംഭിക്കുവാൻ

കഴിയും .

ഫാ തോമസ് ജോസ് ,വികാരിയും , പി സി ചെറിയാൻ ട്രസ്റ്റിയായും , കെ സി തോമസ് ,സെക്രടറി യായും ,മാത്യു നൈനാൻ, എബി ഉമ്മൻ എന്നിവർ ദേവാലയ നിർമ്മാണ കൺവിനര് മാരായും പ്രവർത്തിച്ചുവരുന്നു.

ഗാല സെന്റ് മേരീസ് ഇടവകക്ക് സ്വന്തമായി മനോഹരമായ ആരാധനാലയം നിർമ്മിക്കുവാന് ഇടയാക്കിയ ദൈവത്തിനു നന്ദി കരേറ്റുന്നതിനോപ്പം, ഞങ്ങളോടൊപ്പം സഹകരിച്ച ഇടവക ജനങ്ങളോടും , എല്ലാ നല്ലയാളുകളോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു .

പരമ കാരുണ്യവാനും അത്യുന്നതനും ആയ ദൈവത്തിന്റെ അനുഗ്രഹവും , പരി; ദൈവമാതവിന്റെ മധ്യസ്ഥതയും കാവലും കോട്ടയും നമുക്കേവർക്കും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു .